**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1215** **12-06-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ കൾച്ചറൽ കോംപ്ലക്സ് ഡിഫറന്റ് ആർട്ട് സെന്റർ നിർമ്മിക്കുന്നതിന് 2023-24 സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 5 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൻ പ്രകാരം കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആറിന്റെ അടിസ്ഥാനത്തിൽ 16.03.2024 ലെ സ.ഉ(സാധാ)നം.160/2024/സാം.കാ.വ, 09.05.2024 ലെ സ.ഉ(സാധാ)നം.236/2024/ സാം.കാ.വ എന്നീ ഉത്തരവുകൾ പ്രകാരം പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ തീരുമാനിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?സ്ഥിതി ? | (ബി) | കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ കൾച്ചറൽ കോംപ്ലക്സ് ഡിഫറന്റ് ആർട്ട് സെന്റർ നിർമ്മിക്കുന്നതിന് 2023-24 സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 5 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൻ പ്രകാരം കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആറിന്റെ അടിസ്ഥാനത്തിൽ 16.03.2024 ലെ സ.ഉ(സാധാ)നം.160/2024/സാം.കാ.വ, 09.05.2024 ലെ സ.ഉ(സാധാ)നം.236/2024/ സാം.കാ.വ എന്നീ ഉത്തരവുകൾ പ്രകാരം പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയെ തീരുമാനിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

A3/60/2023-CLAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - മട്ടന്നൂർ നഗരസഭയിൽ ഉരുവച്ചാലിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി പണികഴിപ്പിക്കുന്ന കൾച്ചറൽ കോംപ്ലക്സ് ആൻഡ് ഡിഫറന്റ് ആർട്സ് സെന്റർ പദ്ധതിയുടെ ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.236/2024/CLAD തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:- സ.ഉ.(സാധാ)നം. 160/2024/സാം.കാ.വ തീയതി, 16.03.2024

<u>ഉത്തരവ്</u>

പരാമർശിത സർക്കാർ ഉത്തരവിൽ ചുവടെചേർത്തിട്ടുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു:

2. ഈ വ്യവസ്ഥകൾ കർശനമായി പാലിച്ചാവണം പ്രവൃത്തികൾ നിർവ്വഹിക്കേണ്ടത്.

- ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.
- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യുർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.
- പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരികവകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.
- സാംസ്കാരികവകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

<u>**എസ്റ്റിമേറ്റ് സംബന്ധിച്ച നിർദ്ദേശങ്ങൾ:**</u>

i. പ്ലംബിംഗ് സാമഗ്രികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, കുടിവെള്ള വിതരണത്തിനുള്ള ബോർവെൽ/ കിണർ, പമ്പ് സംവിധാനങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

ii. ഓഡിറ്റോറിയത്തിൽ ഇരിപ്പിടത്തിനായുള്ള ക്രമീകരണങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

iii. ടോയ് ലറ്റുകളിൽ യൂറിനലുകൾക്കുള്ള സൗകര്യം ക്രമീകരിക്കേണ്ടതാണ്.

iv. ലംപ്സം ആയി രേഖപ്പെടുത്തിയിട്ടുള്ള ഇനങ്ങൾക്ക് വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കണം.

3. മേൽ ഭേദഗതികളോടെ പരാമർശിത ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി ആന്റണി ഐ.എ.എസ്

സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം

പ്രസിഡണ്ട്, മട്ടന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ - 670595

സെക്രട്ടറി, മട്ടന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ - 670595

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ധനകാര്യ (വിദ്യാഭ്യാസ സി) വകുപ്പ്( E2706204/PU-C2/20/2024/FIN തീയതി 07.03.2024)

ധനകാര്യ (ഇൻസ്പെക്ഷൻ വിഭാഗം) വകുപ്പ്

ഇൻഫർമേഷൻ ആഫീസർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 16-05-2024 11:54:30

16/03/2024

കേരള സർക്കാർ

സംഗ്രഹം

മട്ടന്നൂർ നഗരസഭയിൽ ഉരുവച്ചാലിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി പണികഴിപ്പിക്കുന്ന കൾച്ചറൽ കോംപ്ലക്സ് – ഡിഫറൻറ് ആർട്സ് സെൻ്റർ പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

SECRETARIAT – CULTURE DEPARTMENT

എ.എസ് നമ്പർ : AS/CLD/23/34010

കാലാവധി : 15/03/2027

പരാമർശം:- 1. മട്ടന്നൂർ നഗരസഭയിൽ ഉരുവച്ചാലിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി പണികഴിപ്പിക്കുന്ന കൾച്ചറൽ സെൻററുമായി ബന്ധപ്പെട്ട 3.03.2023-ൽ നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്
2.കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 18.05.2023 തീയതിയിലെ 3189/T1/2023/KSFDC നമ്പർ കത്ത്
3.സാംസ്കാരിക വകുപ്പധ്യക്ഷനിൽ നിന്നുള്ള 06.02.2024 തീയതിയിലെ P2-142/2024/സാം വ നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) പ്രകാരം 2023-2024 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികളിൽ ഉൾപ്പെടുത്തി തുക 5 കോടി അടങ്കൽ തുക നിശ്ചയിച്ച് ആയതിന്റെ 20% തുക വകയിരുത്തിയിട്ടുള്ളതുമായ ഡിഫറന്റ് ആർട്സ് സെന്റർ ആന്റ് കൾച്ചറൽ കോംപ്ലക്സ് മട്ടന്നൂർ നഗരസഭയിൽ ഉരുവച്ചാൽ പതിനേഴാം വാർഡിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ ഡിപിആർ തയ്യാറാക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷനെ ചുമതലപ്പെടുത്തിയിരുന്നു

2. പരാമർശം (2),(3) കത്തുകൾ പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകണമെന്ന് സാംസ്കാരിക വകുപ്പധ്യക്ഷനും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിങ് ഡയറക്ടറും സർക്കാരിനോട് അപേക്ഷിച്ചിരുന്നു. മട്ടന്നൂർ ഡിഫറന്റ് ആർട്ട്സ് സെന്റർ ആൻഡ് കൾച്ചറൽ കോംപ്ലക്സ് എന്ന പദ്ധതി സാംസ്കാരിക വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിന് 4202-04-800-79-04-മട്ടന്നൂർ ഡിഫറന്റ് ആർട്ട്സ് സെന്റർ ആൻഡ് കൾച്ചറൽ കോംപ്ലക്സ് എന്ന പദ്ധതി ശീർഷകം തുറന്നു ഇ-അനുമതി മുഖാന്തിരം 5 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്

3. ഈ സാഹചര്യത്തിൽ, 2023-24-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം – II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) എന്ന ബജറ്റ് രേഖയിലെ ക്രമ നം.815 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും 5 കോടി രൂപ അടങ്കൽ തുക നിശ്ചയിച്ച് ആയതിന്റെ 20% തുക വകയിരുത്തിയിട്ടുള്ളതുമായ മട്ടന്നൂർ ഡിഫറന്റ് ആർട്ട്സ് സെന്റർ ആൻഡ് കൾച്ചറൽ കോംപ്ലക്സ് എന്ന പദ്ധതി സാംസ്കാരിക വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിന് 4202-04-800-79-04-മട്ടന്നൂർ ഡിഫറന്റ് ആർട്ട്സ് സെന്റർ ആൻഡ് കൾച്ചറൽ കോംപ്ലക്സ് എന്ന പദ്ധതി ശീർഷകത്തിൽ 5,00,00,000 (അഞ്ച് കോടി രൂപ) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | മട്ടന്നൂർ നഗരസഭയിൽ ഉരുവച്ചാലിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി പണികഴിപ്പിക്കുന്ന കൾച്ചറൽ കോംപ്ലക്സ് - ഡിഫറൻറ് ആർട്സ് സെൻ്റർ പദ്ധതി | 5,00,00,000 |
| ആകെ (അഞ്ച് കോടി രൂപ) | | 5,00,00,000 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം .

**മിനി ആൻ്റണി ഐ.എ.എസ്**

സെക്രട്ടറി

സാംസ്കാരിക കാര്യ വകുപ്പ്

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ, തിരുവനന്തപുരം
പ്രസിഡണ്ട്, മട്ടന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ – 670595
സെക്രട്ടറി, മട്ടന്നൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ – 670595
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടൻ്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ്.സി) വകുപ്പ് (E2706204/PU-C2/20/2024/FIN dated 07.03.2024
ധനകാര്യ (ഇൻസ്പെക്ഷൻ വിഭാഗം) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, ഇൻഫർമേഷൻ ആൻ്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ